"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
നമ്പർ:DT/598/2020-I2 തീയതി: 17/03/2020

**ച്ചുറ്ററിയിപ്പ്**

വിഷയം:- ട്രെയിനിംഗ് ഡയറക്ടറേറ്റ്-പ്ലാനിംഗ്-കൊറോണ വൈറസിന്റെ വ്യാപനം-കുടുംബശ്രീ മിഷനുമായി ബന്ധപെട്ട് മാസ്കുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകുന്നത് സംബന്ധിച്ച്

കൊറോണ വൈറസ് നിലവിൽ പല ലോക രാജ്യങ്ങളിലും വ്യപിച്ച് കൊണ്ടിരിക്കുകയാണ്.സംസ്ഥാനത്തും ഇതിന്റെ കെടുതികൾ നിലനിൽക്കുന്നുണ്ട്.കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ഓരോ വകുപ്പും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.ഇതിന്റെ ഭാഗമായി കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിന് ഏറ്റവും ആവശ്യമുള്ള മാസ്കുകൾ കുടുംബശ്രീ മിഷനുമായി ചേർന്ന് ഐടിഐകളിൽ നിർമ്മിക്കുവാൻ ആണ് വകുപ്പ് ലക്ഷ്യമിടുന്നത്. അപ്പാരൽ സെക്ടർ നിലവിലുള്ള ഐടിഐകൾ കുടുംബശ്രീ ജില്ലാ മിഷനുമായി ബന്ധപ്പെട്ട് മാസ്കുകൾ നിർമ്മിക്കുന്ന വിഷയം ചർച്ച ചെയ്ത് മാസ്കുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.ഇത്തരത്തിൽ മാസ്കുകൾ നിർമ്മിക്കുന്നത് വഴി IMC ക്ക് ഒരു അധിക വരുമാനം ആകുകയും ട്രെയിനികളിൽ സാമൂഹിക പ്രതിബദ്ധത വർദ്ധിക്കുകയും ചെയ്യും എന്നുള്ളതിനാൽ ടി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർ**

എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:-
വകുപ്പ് വെബ്സൈറ്റിലേക്ക്